**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 236** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>കെ-സ്റ്റോർ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. കെ. അക്ബർ

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ റേഷൻ കടകളെ കെ-സ്റ്റോറുകളാക്കി മാറ്റുന്ന പദ്ധതി വ്യാപിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>**

| |
|---|
| സംസ്ഥാനത്തെ റേഷൻ കടകളെ നവീകരിക്കുന്നതിന്റെ ഭാഗമായി ഇവയെ കെ-സ്റ്റോറുകളാക്കി മാറ്റുന്ന പദ്ധതി 2023 മെയ് മാസം 14-ാം തീയതി ആരംഭിക്കുകയും, തുടർന്ന് സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത പദ്ധതി പ്രകാരം നിലവിൽ കേരളത്തിലാകെ 2542 റേഷൻ കടകളെ കെ-സ്റ്റോറുകളാക്കി ഉയർത്തിയിട്ടുണ്ട്. മറ്റ് കൺസ്യൂമർ സാധനങ്ങൾ സംഭരിക്കുന്നതിനും ഓൺലൈൻ സേവനങ്ങൾ സജ്ജീകരിക്കുന്നതിനും ആവശ്യമായ സ്ഥലസൗകര്യം ഉള്ളതും, താല്പര്യം അറിയിക്കുന്നതുമായ കൂടുതൽ കടകളെ കെ-സ്റ്റോറാക്കി മാറ്റുന്നതിനുള്ള നടപടികൾ ജില്ലാ / താലൂക്ക് തലത്തിൽ തുടർന്നു വരികയാണ്. |

**(ബി)** സംസ്ഥാനത്ത് പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** ഒരു പ്രത്യേക പ്രദേശത്ത് മാവേലി സ്റ്റോറുകൾ ആവശ്യമാണെന്ന് പൊതുജനങ്ങളിൽ നിന്നോ ജനപ്രതിനിധികളിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ലഭ്യമാകുന്ന അപേക്ഷകളിന്മേൽ സാധ്യതാപഠനം നടത്തി അനുകൂലമെങ്കിൽ ടി പ്രദേശത്ത് മാവേലി സ്റ്റോറുകൾ/ മാവേലി സൂപ്പർ സ്റ്റോറുകൾ/ സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**